**തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)**

**ജില്ലാ കാര്യാലയം, ആലപ്പുഴ**

ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്

*(ഹാജർ : ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ആലപ്പുഴ – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് – കഞ്ഞിക്കുഴി വില്ലേജ് – **ഓഡിറ്റോറിയം** നിർമ്മാണം – ലേ –ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/11/2020-ലെ എ3-9612/19

നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPALP/ 1406 /2020-C/കെ.ഡിസ് തീയതി :02/12/2020**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കഞ്ഞിക്കുഴി വില്ലേജിൽ സർവ്വേ നമ്പർ 343/1-3, 343/1-2, 343/1 എന്നിവയിൽ ഉൾപ്പെട്ട 43.50 ആർസ് വിസ്തീർണ്ണമുള്ള സ്ഥലത്ത് ഇരു നിലകളിലായി ആകെ 3055.60 ചതുരശ്ര മീറ്റർ വിസ്തീർണ്ണവും, എഫ്.എ.ആർ. 0.70, കവറേജ് 34.99 ശതമാനവുമുള്ള സമ്മേളന വിനിയോഗ ഗണം D യിൽപ്പെടുന്ന ഓഡിറ്റോറിയം നിർമ്മാണത്തിനുള്ള അനുമതിയ്ക്കായി പരാമർശിത കത്തു മുഖേന ലഭ്യമാക്കിയ **ശ്രീ. മധു രവീന്ദ്രന്റെ** അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ.- 2011 ചട്ടം 57(1) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും (യൂസേജ് ഓഫ് പ്ലോട്ട്) എന്നിവയുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പരുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2011 ചട്ടം 11(1) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. യൂസേജ് ഓഫ് പ്ലോട്ട് /ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത് . ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

3. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

4. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

5. KPBR 2011 ചട്ടം 35(1) പ്രകാരം കവറേജ് അനുവദനീയമായതിൽ കൂടിയിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്

6. KPBR 2011 ചട്ടം 57(8) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിക്കണം.

7. KPBR 2011 ചട്ടം 57(10) പ്രകാരം Fire protection measures നല്കിയിരിക്കണം.

8. KPBR 2011 ചട്ടം 38(2) അനുസരിച്ച് സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം കെട്ടിട നമ്പർ നൽകും മുമ്പ്, പാർക്കിങ് ഏരിയ സജ്ജമാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

9. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം / മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്.

10. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

11. പ്ലോട്ടിനോട് ചേർന്നുള്ള നദിയെ / കനാലിനെ മലിനപ്പെടുത്തരുത്.

12. നിർദ്ദിഷ്ട നിർമ്മാണം സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കരുത്.

13. KPBR 2011 ചട്ടം 12 പ്രകാരം സ്ഥലത്ത് Excavation നടത്തുന്നത് സംബന്ധിച്ച് ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

14. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.

15. KPBR 2011 ചട്ടം 57(12) പ്രകാരം ഖരദ്രവ മാലിന്യങ്ങളുടെ ശേഖരണത്തിനും ആരോഗ്യകരമായ പുറന്തള്ളലിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

16. KPBR 2011 ചട്ടം 57(12A) പ്രകാരം ദ്രവ മാ ലിന്യ സംസ്ക്കരണ പ്ലാന്റ് പ്രസ്തുത പ്ലോട്ടിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ വരുത്തിയിരിക്കണം.

17. KPBR 2011 ചട്ടം 57(12B) പ്രകാരം പാഴ് ജലം പുനഃചംക്രമണം ചെയ്യുന്നതിനും പുനഃരുപയോഗിയ്ക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
18. സൈറ്റ് പ്ലാനിൽ പൊളിച്ചുനീക്കുവാനെന്ന് കാണിച്ചിരിയ്ക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിരിയ്ക്കണം.
19. പ്രസ്തുത നിർമ്മാണം KPBR 2011 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

<u>**അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ 19/2020**</u>

Signature Not Verified
Digitally signed by INDU VIJAYANATH
Date: 2020.12.02 16:59:43 IST
Reason: Approved

**ഇന്ദു**

**വിജയനാഥ്**

**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സ്വീകർത്താവ് :

**സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്** ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് –

1. ശ്രീ. മധു രവീന്ദ്രൻ, ദേവദർശനം മുഹമ്മ പി.ഒ, ആലപ്പുഴ
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ